**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1827** **02-02-2024 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കടയിൽ ഭിന്നശേഷിക്കാർക്കായി സംയോജിത പുനരധിവാസ ഗ്രാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കടയിൽ ഭിന്നശേഷിക്കാർക്കായി സംയോജിത പുനരധിവാസ ഗ്രാമം നിർമ്മിക്കുന്നതിനായുള്ള നടപടികൾ സംബന്ധിച്ച് വിശദമാക്കാമോ; ഇതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിയ്ക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ഭിന്നശേഷിക്കാർക്കുള്ള പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിനായി കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 50 സെന്റ് ഭൂമി സാമൂഹ്യനീതിവകുപ്പിന് കൈമാറിക്കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബഹു. സാമൂഹ്യനീതിവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10/11/2022 ൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ 31/5/2023 ലെ മീറ്റിംഗിലെ തീരുമാനപ്രകാരം കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ പാറച്ചൽ വാർഡിൽ കുളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് നം. 9-ൽ റീസർവ്വേ 401-5 ൽ ഉൾപ്പെട്ട 20.20 ആർ (50 സെന്റ്) ഭൂമിയിൽ ഭിന്നശേഷി സൗഹൃദപാർക്ക് സ്ഥാപിക്കുവാൻ സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിന് ഗ്രാമപഞ്ചായത്തിന് തടസ്സമില്ലായെന്നും ടി ഭൂമി കൈറുന്നതിനുള്ള ഉത്തരവ് നൽകുന്നതിന് തീരുമാനിച്ചതായും അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ നടന്നുവരുന്നതായും അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയോട് ചേർന്നുള്ള 50 സെന്റ് ഭൂമി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ വാങ്ങുന്നതിന് കാട്ടാക്കട നിയോജകമണ്ഡലത്തിലെ 2023-24 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും 55,00,000/- (അമ്പത്തിയഞ്ച് ലക്ഷം രൂപാ മാത്രം) അനുവദിയ്ക്കുന്നതിന് 04/06/2018 ലെ സ.ഉ (അച്ചടി) നം. 119/2018/ധന ഉത്തരവിൽ ഇളവ് വരുത്തിക്കൊണ്ട് പ്രത്യേക അനുമതി നൽകി 4/12/2023 സ.ഉ. (സാധാ) നം. 8525/2023/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 50 സെന്റ് ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ചു വരുന്നു. കാട്ടാക്കടയിൽ ആരംഭിക്കുന്ന പുനരധവാസഗ്രാമത്തിൽ ഉൾപ്പെടുത്തേണ്ട |

| | | | |
|---|---|---|---|
| | | | ഘടകങ്ങൾ കാട്ടാക്കട നിയോജകമണ്ഡലം എം.എൽ.എ യും ഗ്രാമപഞ്ചായത്തധികൃതരുമായും കൂടി ചർച്ച ചെയ്ത് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. ഭൂമി സാമൂഹ്യ നീതി വകുപ്പിന് കൈമാറി കിട്ടുന്ന മുറയ്ക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ